# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1887 — 22/03/2012 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സർക്കാർ പ്രഖ്യാപിച്ചിരുന്ന മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണപദ്ധതിയിൽ കേന്ദ്ര വിഹിതമായി എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ഈ വർഷം പ്രഖ്യാപിച്ച മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി ഒരു സംസ്ഥാന പദ്ധതിയാണ്. എന്നാൽ ഇതിന് കേന്ദ്ര സഹായം ലഭിക്കാനുള്ള സാധ്യതകൾ ആരായുന്നതാണ്. |
| (ബി) കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കുമെന്നാണ് പ്രതിക്ഷിച്ചിരുന്നത് ; | (ബി) ഈ പദ്ധതിക്ക് വീടൊന്നിന് രണ്ടു ലക്ഷം രൂപ നിരക്കിൽ 500 വീടുകൾക്ക് 10 കോടി രൂപയുടെ ഭരണാനുമതി 02/03/2012-ൽ നൽകുകയുണ്ടായി. ഈ 500 വീടുകൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് വീടൊന്നിന് 25,000 രൂപ വീതം 125 ലക്ഷം രൂപ സഹായമായി ലഭിക്കുന്നതിനുള്ള സാധ്യത ആരായുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി മറ്റ് ഏജൻസി വഴി കണ്ടെത്തുമെന്ന് പറഞ്ഞ തുകയിൽ എത്ര രൂപ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ; | (സി) | ഏജൻസി വഴി തുക കണ്ടെത്തിയിട്ടില്ല. |
| (ഡി) | ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | പദ്ധതിക്ക് 02/03/2012-ന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. സാമ്പത്തിക വർഷാവസാനമായതിനാൽ തുക അടുത്ത സാമ്പത്തിക വർഷം 2405-00-800-08 എന്ന ശീർഷകത്തിൽ അനുവദിക്കുമെന്ന് ഉത്തരവിലുണ്ട്. ജില്ലകളിൽ ഭവന നിർമ്മാണത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ചു വരികയുമാണ്. അടുത്ത സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ഒന്നാം ഗഡു തുക വിതരണം ചെയ്യുന്നതിന് കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ